**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന ധനസഹായം അനുവദിച്ച് വരുന്നത്.<br><br>ഇതിനുപുറമേ, ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടികവർഗ വിഭാഗത്തിന് വീട് അനുവദിച്ച് വരുന്നു. |
| (ബി) | എത്ര എസ്.സി., എസ്.ടി. കുടുംബങ്ങൾക്ക് പുതിയതായി വീട് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ലൈഫ് മിഷൻ ലഭ്യമാക്കിയിട്ടുള്ള കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 22031 കുടുംബങ്ങളും 8150 പട്ടികവർഗ കുടുംബങ്ങളും പുതിയതായി ലൈഫ് മിഷനുമായി ഭവന നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് .<br><br>ആദിവാസി പുനരധിവാസ മിഷൻ മുഖേന പുനരധിവാസ മേഖലകളിലെ 244 പട്ടികവർഗ കുടുംബങ്ങൾക്കും പുതിയതായി വീടുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ